2. അസംസ്കൃത വസ്തു ബാങ്ക് സ്ഥാപിക്കുന്നതിനും പ്രവർത്തന മൂലധനത്തിനും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കും ധനസഹായം നൽകുന്നതാണ്.

3. കയർ ബോർഡോ/വകുപ്പോ, അല്ലെങ്കിൽ മറ്റേതെങ്കിലും അനുയോജ്യമായ ഏജൻസിയോ മുഖേന പരിശീലനം നൽകുന്നതാണ്.

(സി) 15000 കയർ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും അതിൽ 10000 പേരെ ഉൾപ്പെടുത്തി 1250 സ്വയംസഹായ സംഘങ്ങൾ ഈ വർഷം രൂപീകരിക്കുന്നതിനുമുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

കാറ്റിൽനിന്നും വൈദ്യുതി

*9 [400] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) രാമക്കൽമേട്ടിൽനിന്നും ഉയർന്ന അളവിൽ കാറ്റിൽനിന്നുള്ള വൈദ്യുതി ലഭ്യമാണെന്ന നിഗമനത്തിൽ വസ്തുനിഷ്ഠമായ പഠനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതര വൈദ്യുത സ്രോതസ്സുകളെ അപേക്ഷിച്ച് കാറ്റിൽനിന്നുള്ള വൈദ്യുതോൽപ്പാദനം ചെലവുകുറഞ്ഞതും ലഘുകരവുമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) കാറ്റിൽനിന്നുള്ള വൈദ്യുതോൽപ്പാദനത്തിൽ സ്വകാര്യ നിക്ഷേപവും പങ്കാളിത്തവും സർക്കാർ ലക്ഷ്യമാക്കുന്നുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഉണ്ട്.

(ബി) രാമക്കൽമേട്ടിൽ കാറ്റിൽനിന്നും ഉയർന്ന അളവിൽ വൈദ്യുതി ലഭ്യമാക്കാൻ കഴിയുമെന്ന് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം നടത്തിയിട്ടുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

അതിനുശേഷം രാമക്കൽമേട്ടിൽ അനെർട്ടിന് ലീസ് നൽകിയിട്ടുള്ള സർക്കാർ ഭൂമിയിൽ അനെർട്ട് നടത്തിയ കോണ്ടൂർ സർവ്വേയുടെ അടിസ്ഥാനത്തിൽ സി-വെറ്റ് (സെന്റർ ഫോർ വിൻഡ് എനർജി ടെക്നോളജി) മൈക്രോ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയിലുള്ള സമഗ്ര വികസനത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 6-11-2004-ലെ ജി. ഒ. (എംഎസ്.) 23/2004/പി.ഡി. ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ

*10 [401] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*

,, *കെ. രാധാകൃഷ്ണൻ:*

,, *രാജു എബ്രഹാം:*

,, *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ ഗുണമേന്മ കുറഞ്ഞതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനലിറ്റിക്കൽ ലാബിൽ ഇതു സംബന്ധിച്ച് നടത്തിയ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പാക്കി അവ സംഭരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):*

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിശോധനാറിപ്പോർട്ടുപ്രകാരം ഭക്ഷ്യധാന്യങ്ങൾ പി. എഫ്. എ. റൂൾസിൽ നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉള്ളവയാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്ന എല്ലാ നടപടികളും കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

ബ്രഹ്മപുരം വൈദ്യുതിനിലയത്തിന്റെ ഉൽപ്പാദനക്ഷമത

*11 [402] *ശ്രീ. എം. വി. ജയരാജൻ:*

,, *മത്തായി ചാക്കോ:*

,, *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം താപവൈദ്യുതനിലയത്തിൽനിന്ന് ഇപ്പോൾ സ്ഥാപിത ശേഷിക്കനുസൃതമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാദ്ധ്യമാകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly